# ദേവമാത സി.എം.ഐ. പബ്ലിക് സ്കൂൾ

## വാർഷിക പരീക്ഷ 2017 - 2018

## മലയാളം

**ക്ലാസ് : VI**

സമയം: 3 മണിക്കൂർ

മാർക്ക് : 80

### എ - വിഭാഗം

I താഴെക്കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക: (5x2=10)

ഭാഷയും മനുഷ്യനും തമ്മിലുള്ള ആത്മബന്ധത്തിന്റെ വികാര നിർഭരമായ ആവിഷ്കാര മാണ് 'എന്റെ ഭാഷ' എന്ന കൃതി. ദേശീയ സ്വാതന്ത്ര്യസമരത്തിന്റെ ഊർജം എന്നാണ് വള്ള ത്തോൾ കവിതയെ പൊതുവെ വിലയിരുത്തപ്പെടുന്നത്. വൈവിധ്യങ്ങൾ നിറയുന്ന ഇന്ത്യൻ ദേശീ യത എന്ന സങ്കല്പത്തിലേക്ക് ഭാഷയെന്ന സ്വത്വബോധത്തെ കണ്ണിചേർക്കുകയാണ് വള്ളത്തോൾ. ജനനം മുതൽ മരണം വരെ ഓരോ മനുഷ്യനും ജീവിക്കുന്നത് ഭാഷയ്ക്കകത്താണ് എന്ന ബോധ്യ മാണ് "മിണ്ടിത്തുടങ്ങാൻ ശ്രമിക്കുന്ന ..........." എന്നു തുടങ്ങുന്ന വരികൾ കവിയെക്കൊണ്ട് എഴു തിക്കുന്നത്. ജീവിതമെന്നാൽ ഭാഷയിൽ തുടങ്ങി ഭാഷയിൽ അവസാനിക്കുന്ന ഒരു പ്രക്രിയയാ ണെന്ന് ഒരഭിപ്രായമുണ്ട്. വൈദേശികാധിപത്യത്തിന്റെ ഇരുൾക്കുണ്ടിൽ നിന്ന് കരകയറാനുള്ള ഏക ഉപാധിയാണ് കവിക്ക് മാതൃഭാഷ.

ചോദ്യങ്ങൾ:

1. വള്ളത്തോൾ കവിതയെ എന്തായിട്ടാണ് പൊതുവെ വിലയിരുത്തപ്പെടുന്നത്?
2. എന്റെ ഭാഷയെന്ന കൃതിയുടെ പ്രത്യേകതയെന്ത്?
3. ഏത് ബോധ്യമാണ് "മിണ്ടിത്തുടങ്ങാൻ ശ്രമിക്കുന്ന........." എന്നു തുടങ്ങുന്ന വരികൾ കവി യെക്കൊണ്ട് എഴുതിക്കുന്നത്?
4. ജീവിതത്തെക്കുറിച്ചുള്ള ഒരഭിപ്രായമെന്ത്?
5. ഈ ഖണ്ഡികയ്ക്ക് ഉചിതമായ പേര് നൽകുക.

### ബി - വിഭാഗം

II താഴെക്കൊടുത്തിരിക്കുന്ന പദ്യഭാഗം വായിച്ച് ചുവടെക്കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരമെ ഴുതുക. (1x5=5)

പൈങ്കിളിയേ പൈങ്കിളിയേ
കളിയാടീടാൻ വരുമോ നീ.
പാടില്ല ചുള്ളികളാൽ
കൂടു ചമയ്ക്കാൻ പോകുന്നു.

വണ്ടത്താനേ വണ്ടത്താനേ
കളിയാടീടാൻ വരുമോ നീ
പാടില്ല പൂക്കളിലെ
തേൻ നുകരാൻ പോകുന്നു.

കുട്ടിക്കന്നേ കുട്ടിക്കന്നേ
കളിയാടീടാൻ വരുമോ നീ
പാടില്ലാ കാടുകളിൽ
മേയാനായ് പോകുന്നു.

ചോദ്യങ്ങൾ:

1. കൂടുചമയ്ക്കാൻ ആരാണ് പോകുന്നത്?
2. വണ്ടത്താൻ കളിയാടീടാൻ വരാത്തതിന്റെ കാരണമെന്ത്?
3. കുട്ടിക്കന്ന് മേയാനായ് പോകുന്നതെവിടെ?
4. എന്തുപയോഗിച്ചാണ് കൂടു ചമയ്ക്കുന്നത്?
5. കുട്ടി ആരെയെല്ലാമാണ് കളിക്കാൻ വിളിക്കുന്നത്?

## ബി - വിഭാഗം

III നിങ്ങൾ വായിച്ചാസ്വദിച്ച ഒരു പുസ്തകത്തെ കുറിച്ച് വിവരിച്ചുകൊണ്ട് സുഹൃത്തിന് ഒരു കത്തെഴുതുക. (5)

IV ആശയവിപുലനം ചെയ്യുക: (3)

"ചെറുപ്പകാലങ്ങളിലുള്ള ശീലം
മറക്കുമോ മാനുഷനുള്ള കാലം."

V വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക : (7)

## സി - വിഭാഗം

VI

1. അർത്ഥം എഴുതുക: (1x2=2)
   a. കൗശികൻ
   b. തിലകം
2. വിപരീതപദം എഴുതുക: (1x2=2)
   a. ദൃശ്യം x
   b. പ്രാചീനം x
3. പര്യായം എഴുതുക: (1x2=2)
   a. മാല
   b. പാടം
4. നാനാർത്ഥം എഴുതുക: (1x2=2)
   a. ധരിക്കുക
   b. പക്ഷം
5. അർത്ഥവ്യത്യാസം എഴുതുക: (1x2=2)
   a. ശ്രവണം, ശ്രാവണം
   b. ദീനം, ദിനം
6. എതിർലിംഗം എഴുതുക: ($^1/_2$ x 2=1)
   a. രാജാവ്
   b. നാട്ടുകാരൻ
7. പിരിച്ചെഴുതുക: ($^1/_2$ x 2=1)
   a. വീടുണ്ടാക്കുക
   b. വൈവിധ്യമാർന്ന

8. ഒറ്റവാക്കെഴുതുക : ($^1/_2$ x 2=1)

a. സാധാരണക്കാരനായ മനുഷ്യൻ

b. കാളിയുടെ രൂപം

9. വിഗ്രഹിച്ചെഴുതുക. ($^1/_2$ x 2=1)

a. സ്വേദകണം

b. സത്രപം

10. വാക്യത്തിൽ പ്രയോഗിക്കുക : (1x 2=2)

a. വൈവിധ്യം

b. പ്രചരിപ്പിക്കുക.

11. അംഗവാക്യം, അംഗിവാക്യം എന്നിവ വേർതിരിച്ച് എഴുതുക : (1x 2=2)

a. തന്നെ ജീവനുതുല്യം സ്നേഹിക്കുന്ന ഗുരുവിനെ ശിഷ്യൻ വധിക്കാനൊരുങ്ങുന്നു.

b. കാർഷിക സംസ്കാരവുമായി ബന്ധപ്പെട്ട നിരവധി നാടൻ കലകൾ കേരളത്തിലുണ്ട്.

12. ശരിയായ പദം തെരഞ്ഞെടുത്ത് എഴുതുക : ($^1/_2$x 4=2)

a. ചേദസ് / ചേതസ്

b. രാഗവൻ / രാഘവൻ

c. ബാല്യം / ഭാല്യം

d. കാലാവസ്ത / കാലാവസ്ഥ

**ഡി - വിഭാഗം**

VII ഒറ്റവാക്കിൽ ഉത്തരമെഴുതുക : (1x 4=4)

1. നളിനിയുടെ കണ്ണുനീർ കനിവോടെ തുടച്ചതാർ?
(അമ്മ, ദിവാകരൻ, കവി, കാറ്റ്)

2. സ്വർണ്ണമാമ്പഴം ഗ്രാമവാസികൾ ആർക്കാണ് നൽകിയത്?
(കുരങ്ങന്മാരുടെ നേതാവിന്, ദേവൻമാർക്ക്, രാജാവിന്, വൃദ്ധന്)

3. കണ്ണൻ നന്ദന്റെ പക്കൽ അമ്മയ്ക്ക് എന്താണ് കൊടുത്തയച്ചത്?
(പണം, ചേലകൾ, സ്വർണ്ണം, ഗ്രന്ഥം)

4. തീയിൽ നിന്നുകൊണ്ട് സുകുമാരൻ നിർമ്മിച്ചുപാടിയ മഹത്തായ കൃതിയേത്?
(ശ്രീകൃഷ്ണവിലാസം, രാമായണം, കൃഷ്ണഗാഥ, ശാകുന്തളം)

VIII ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക: (2x6=12)

1. എന്താണ് നാടോടിപാട്ടുകൾ?

2. കുയിൽപേടയെ ദിവാകരൻ പരിഹസിച്ചതെങ്ങനെ?

3. പുഴ എവിടെ നിന്നാണ് ഉത്ഭവിക്കുന്നത്?

4. കളിയാട്ടം എന്നാൽ എന്ത്?

5. വില്ലു മുറിഞ്ഞ ഒച്ച കേട്ട് രാജാക്കൻമാർക്കും സീതയ്ക്കും ഉണ്ടായ ഭാവഭേദങ്ങൾ എന്തെല്ലാം ?

6. ഗുരു, പത്നിയോട് സുകുമാരനെ കുറിച്ച് പറഞ്ഞത് എന്തെല്ലാം?

IX ഖണ്ഡികയിൽ ഉത്തരമെഴുതുക. (ഏതെങ്കിലും രണ്ടെണ്ണം) : (3x2=6)

1. ശ്രീകൃഷ്ണൻ തന്റെ മാതാവിനോട് പറയാൻ ഏൽപിച്ച കാര്യങ്ങൾ എന്തെല്ലാം?.

2. കാക്കത്തമ്പുരാട്ടിയുടെ പ്രത്യേകതകൾ ഏതെല്ലാം?

3. തട്ടിൻപുറത്ത് കയറിയിരുന്ന് സുകുമാരൻ ചിന്തിച്ചത് എന്തെല്ലാം?

X കുറിപ്പെഴുതുക : (4)

1. എഴുത്തച്ഛൻ

OR

ചെറുശ്ശേരി

XI പദ്യം പൂരിപ്പിക്കുക :

ചന്ദ്രശേഖരനുടെ ............................................

..................................................... വിശ്വാമിത്രൻ (4)

*** *** ***